## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4719 — 21.10.2011-ൽ മറുപടിയ്ക്ക്

## പൊന്നാനി മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം.

| ചോദ്യം<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| --- | --- |
| (എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം പൊന്നാനി മണ്ഡലത്തിൽ നടത്തിയ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; | (എ) പൊന്നാനി മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുവേണ്ടി 03-02-2010-ന് 164 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾക്ക് ബോർഡ് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് തുകയുടെ 50% അടക്കേണ്ടിയിരുന്ന എം. എൽ. എ, എം. പി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവർ ഇതുവരെ പ്രസ്തുത തുക അടച്ചിട്ടില്ല. എങ്കിലും ബോർഡ് പുതുക്കി നിശ്ചയിച്ച ടാർജറ്റ് തീയതിയായ 31-03-2011 വരെയുള്ള എല്ലാ കണക്ഷനുകളും ഇതിനകം നൽകിയിട്ടുണ്ട്. |
| (ബി) ഇനിയും എത്ര വീടുകൾ ഈ പദ്ധതിയിൽ പൂർത്തിയാക്കാനുണ്ട് ; | (ബി) ടാർജറ്റ് തീയതിക്ക് ശേഷം രജിസ്റ്റർ ചെയ്ത 134 കണക്ഷനുകൾ കൊടുത്തു തീർക്കേണ്ടതായിട്ടുണ്ട്. |
| (സി) ഒറ്റപ്പെട്ടു കിടക്കുന്ന വീടുകൾക്ക് ഈ പദ്ധതിയിൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിയുമോ ;<br>(ഡി) എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ ? | (സി) & (ഡി) എം. പി, എം. എൽ. എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ ഫണ്ട് ലഭ്യമാക്കാതിരുന്നതിനാൽ പൊന്നാനി മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലായിട്ടില്ല. |

ഗ്രാമീണ മേഖലയിലെ ബി. പി. എൽ വീടുകളുടെ വൈദ്യുതീകരണം ലക്ഷ്യമാക്കിയുള്ള കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ആർ. ജി. ജി. വി. വൈ. യുടെ സർവ്വേ ജോലികൾ മലപ്പുറം ജില്ലയിൽ നടക്കുന്നുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതിയുടെ പരിധിയിൽ വരുന്ന ബി. പി. എൽ വീടുകൾക്ക് കണക്ഷൻ ലഭ്യമാക്കാൻ സാധിക്കും.

സെക്ഷൻ ഓഫീസർ.